പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1449 16-10-2026-ൽ മറുപടിയ്ക്ക്

ഓണച്ചന്തകളിലേക്ക് സംഭരിച്ച കാർഷിക ഉല്പന്നങ്ങളുടെ വില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

(എ) മുൻവർഷങ്ങളിൽ നിന്ന് വിഭിന്നമായി ഓണച്ചന്തകളിലേക്ക് സംഭരിച്ച കാർഷിക ഉല്പന്നങ്ങളുടെ വില ഇപ്രാവശ്യം ഓണത്തിന് മുമ്പ് തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

മറുപടി: മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇപ്രാവശ്യം ഓണച്ചന്തകളിലേക്ക് സംഭരിച്ച കാർഷിക ഉൽപ്പന്നങ്ങളുടെ വില ഓണത്തിന് മുൻപ് തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം കൃഷിവകുപ്പിന്റെ ഓണച്ചന്തകൾ പൂർണ്ണമായും കതിർ (KATHIR) ആപ്പ് മുഖേന ഡിജിറ്റൽ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിയത്.

കതിർ ആപ്പിൽ നേരത്തെ രജിസ്റ്റർ ചെയ്ത കർഷകർക്ക് ഓണച്ചന്തകളിൽ നേരിട്ട് എത്തി തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കർഷകർക്ക് അപ്പോൾ തന്നെ രജിസ്റ്റർ ചെയ്യുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരുടെ ഉൽപ്പന്നങ്ങളുടെ വില തിരുവോണത്തിന് മുൻപ് തന്നെ രജിസ്ട്രേഷൻ സമയത്ത് നൽകിയ ബാങ്ക് അക്കൗണ്ടുകളിലേക്ക് പൂർണ്ണമായി വിതരണം ചെയ്യാൻ സാധിച്ചു. ഏകദേശം ₹4.35 കോടി രൂപയാണ് ഇത്തരത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്തത്.

ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവയിലെ പിശകുകൾ കാരണം ചില ഇടപാടുകളിൽ തുക ബാങ്കിൽനിന്ന് തിരികെ ലഭിച്ച സാഹചര്യമുണ്ടായി. ഇത്തരത്തിലുള്ള കേസുകളിൽ കൃഷി ഓഫീസർമാർ മുഖേന ശരിയായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുകയും തുക ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടുകളിലേക്ക് പുനർവിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഈ വർഷത്തെ ഓണച്ചന്തയുടെ നടത്തിപ്പ് ഡിജിറ്റലാക്കിയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിലും ഇതേ മാതൃകതന്നെ പിന്തുടരുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) മുൻവർഷങ്ങളിൽ ഓണച്ചന്തകളുടെ പ്രവർത്തനം പൂർത്തിയായി ദിവസങ്ങൾക്ക് ശേഷമാണ് കർഷകർക്ക് തുക ലഭ്യമായിരുന്നത് എന്നത് സംബന്ധിച്ച പരാതി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ;

മറുപടി: മുൻവർഷങ്ങളിൽ ഓണച്ചന്തകളുടെ പ്രവർത്തനം അവസാനിച്ച ദിവസം തന്നെ കർഷകർക്ക് ഉൽപ്പന്നങ്ങളുടെ വില വിതരണം ചെയ്യാൻ സാധിച്ചിരുന്നില്ല.

(സി) ഇത്തവണ ഓൺലൈൻ ഇടപാടിലൂടെ മാത്രം പണം കർഷകർക്ക് നൽകിയതിലൂടെ സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി: ഉണ്ട്. ഇത്തവണത്തെ ഓണച്ചന്തയുടെ പ്രധാന സവിശേഷതകളിലൊന്ന് പണമിടപാടുകളിൽ സുതാര്യത ഉറപ്പാക്കാൻ സാധിച്ചു എന്നതാണ്.

മുൻവർഷങ്ങളിൽ ഓണച്ചന്തകളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിച്ച കർഷകർ തന്നെയാണോ തുക കൈപ്പറ്റുന്നതെന്നും വിതരണം ചെയ്ത തുക യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കാണോ ലഭിക്കുന്നതെന്നും കൃത്യമായി പരിശോധിക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. എന്നാൽ ഇത്തവണ കതിർ ആപ്പ് മുഖേന കർഷകരെ രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ സമയത്ത് നൽകിയ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാത്രം തുക വിതരണം ചെയ്യുകയും ചെയ്തതിലൂടെ ഇടപാടുകളുടെ ആധികാരികത ഉറപ്പാക്കാനും ഓഡിറ്റ് നടത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാനും സാധിച്ചു.

കൂടാതെ, കേന്ദ്രീകൃത ബാങ്ക് അക്കൗണ്ട് മുഖേന പണമിടപാടുകൾ നടത്തിയതിനാൽ തുകയുടെ വിതരണം നിരീക്ഷിക്കുന്നതിനും കർഷകരുടെ അക്കൗണ്ടുകളിലേക്ക് തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ബാങ്കിൽനിന്ന് തിരികെ ലഭിച്ച തുകകളുടെ വിവരങ്ങൾ കണ്ടെത്തുന്നതിനും ഡിജിറ്റൽ സംവിധാനം സഹായകമായി.

സെക്ഷൻ ഓഫീസർ